മിസ്റ്റർ വി. കെ. കൃഷ്ണൻകുട്ടി : അതു സ്ഥലത്തെ ഇൻസ്പെക്ടർ അന്വേഷിക്കാറില്ലേ ?

റാവുബഹദൂർ എം. നാരായണമേനോൻ : അതു സ്ഥലത്തു ഒരു ഇൻസ്പെക്ടരല്ല, ഒരു മാസം കഴിഞ്ഞു ഒരാൾ മാറി വേറെ ഒരാളായിരിക്കും വരുന്നതു്.

മിസ്റ്റർ വി. കെ. കൃഷ്ണൻകുട്ടി : ഇങ്ങിനെയുണ്ടാകുന്ന സംഭവങ്ങൾക്കു് സ്റ്റേഷനിൽ ക്രയിം നമ്പർ ഉണ്ടായിരിക്കയില്ലേ ?

റാവുബഹദൂർ എം. നാരായണമേനോൻ : ഇതിനു് ഇത്രയൊന്നും ബുദ്ധിമുട്ടേണ്ടിവരുമായിരുന്നില്ല വിവരമായി എഴുതിയയച്ചിരുന്നുവെങ്കിൽ.

46. മിസ്റ്റർ കെ. പി വള്ളോൻ : താഴെ എഴുതുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവൺമെൻറിൽനിന്നും സദയം മറുപടി നൽകുമോ:—

തലപ്പള്ളി താലൂക്കിൽ തിരുവില്വാമല നിവാസിയായ കുഞ്ഞാൻ എന്ന പേരായ ഒരു പുലയന്റെ വേനം സ്ഥലനിവാസികളായ ഏതാനുംപേർ കൂടി അഗ്നിക്കിരയാക്കി കുന്നുകാലികളേയും മറ്റും കൊലചെയ്തുഞ്ഞുകയും മറ്റു സാമാനങ്ങൾ നശിപ്പിച്ചുകളഞ്ഞതിനെപ്പറ്റി സ്ഥലം പോലീസു് എന്തു നടപടി നടത്തീട്ടുണ്ടു്; പ്രസ്തുത കേസു് ഇപ്പോൾ ഏതു നിലയിലിരിക്കുന്നുവെന്നു പ്രകാശിപ്പിക്കുമോ ?

റാവുബഹദൂർ എം. നാരായണമേനോൻ : സംഭവം ഉണ്ടായ കൊല്ലവും തിയ്യതിയും അറിയാതെ മറുപടി പറയാൻ സാധ്യമല്ല.

മിസ്റ്റർ കെ. അയ്യപ്പൻ : ഈ കൊല്ലത്തിൽ ഉണ്ടായിട്ടുണ്ടോ ?

റാവുബഹദൂർ എം. നാരായണമേനോൻ : നിശ്ചയമില്ല.

മിസ്റ്റർ കെ. അയ്യപ്പൻ : ഞാൻ സപ്ലിമെൻററി കൂടിയായിട്ടു ചോദിക്കയാണു്.

റാവുബഹദൂർ എം. നാരായണമേനോൻ : ഉണ്ടായിട്ടുള്ളതായി അറിവില്ല.

Mr. President : If such questions are based upon any alleged incident why not ask them ? The members are free to ask specific questions. There is no objection to that kind of thing.

WILLINGDON ISLAND—POLICE PATROL IN.

47. Mr. C. V. Iyyu *(Kunnamkulam)*: Will the Government be pleased to inform:—

(*a*) which is the Police station under whose jurisdiction the Willingdon Island is lying;

(*b*) whether there is a Police station or outpost in the Willingdon Island ;

(*c*) whether there is daily Police beat to the Willingdon Island;

LIBRARY ARCHIVES Kerala Legislative Assembly